(ബി) താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു:

ഡെപ്യൂട്ടി കളക്ടർ	-	2
റവന്യൂ ഡിവിഷണൽ ഓഫീസർ	-	1

(സി) ഉണ്ട്. റവന്യൂ വകുപ്പിലെ ഹയർ ഡി. പി.സി. യുടെ മീറ്റിംഗ് 24-7-2003-ന് കൂടുകയുണ്ടായി അതനുസരിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കി അർഹരായ ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകി മേൽപ്പറഞ്ഞ തസ്തികകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

മണ്ണാർക്കാട് താലൂക്ക് ഓഫീസിലെ ടോയ്ലറ്റിന്റെ അറ്റകുറ്റപ്പണി

28 (4305) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്ക് ഓഫീസിലെ സ്റ്റാഫിനുള്ള ടോയ്ലറ്റിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) സ്ത്രീജീവനക്കാരടക്കമുള്ളവരുടെ പ്രാഥമിക സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പ്രസ്തുത ടോയ്ലറ്റ് അറ്റകുറ്റപ്പണി നടത്താൻവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ :

(സി) എങ്കിൽ ആയത് എന്നത്തേക്ക് പണിപൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണാർക്കാട് മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം ഏകദേശം പൂർത്തിയാക്കാറായ സാഹചര്യത്തിൽ താലൂക്ക് ഓഫീസിന് സ്വന്തമായി പുതിയ ടോയ്ലറ്റ് നിർമ്മാണം ആവശ്യമില്ല എന്ന് കണ്ടതിനാലാണ് നടപടി സ്വീകരിക്കാത്തത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ കേസുകൾ നടത്തിപ്പിലുള്ള വീഴ്ച ഒഴിവാക്കാൻ പരിശോധന

27 (4306) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിച്ചു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ :

(ബി) ഓരോ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും സർക്കാർ കേസുകൾ നടത്താൻ നിയോഗിച്ചിട്ടുള്ള അഭിഭാഷകരുടേയും ഓഫീസ് എത്ര തവണ പരിശോധന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

(സി) നിയമാനുസരണം ഒരു വർഷം എത്ര തവണയാണ് ഇൻസ്പെക്ഷൻ നടത്തേണ്ടത് എന്ന് വ്യക്തമാക്കുമോ :

(ഡി) സർക്കാർ കേസുകൾ നടത്തിപ്പിലുള്ള വീഴ്ച ഒഴിവാക്കാൻ പരിശോധനയ്ക്ക് മാത്രമായി പ്രത്യേക സെൽ രൂപീകരിക്കാനും പരിശോധന ശക്തമാക്കാനും നടപടി സ്വീകരിക്കുമോ :

(ഇ) ടി. എ. സീലിംഗ് കാരണം പരിശോധനയ്ക്കുണ്ടാകുന്ന കുറവ് പരിഹരിക്കാൻ പരിശോധന വിഭാഗത്തിനുള്ള ടി. എ. സീലിംഗ് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 84 പേരെ ഗവ. പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

തിരുവനന്തപുരം	8
കൊല്ലം	5
ആലപ്പുഴ	7
പത്തനംതിട്ട	6
കോട്ടയം	9
എറണാകുളം	8
ഇടുക്കി	5
തൃശ്ശൂർ	5
പാലക്കാട്	6
മലപ്പുറം	5
കോഴിക്കോട്	9
വയനാട്	2
കണ്ണൂർ	6
കാസർകോട്	3
ആകെ	84

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ഗവ. പ്ലീഡർ ആന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും, സർക്കാർ കേസുകൾ നടത്താൻ നിയോഗിച്ചിട്ടുള്ള അഭിഭാഷകരുടെയും ആഫീസുകളിൽ നടത്തിയ പരിശോധനയുടെ വിവരം അനുബന്ധം (എ) ആയി കൊടുത്തിരിക്കുന്നു.*

(സി) കേരള ലാ ഓഫീസേഴ്സ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം വർഷത്തിൽ രണ്ടു തവണയാണ് ഇൻസ്പെക്ഷൻ നടത്തേണ്ടത്.

(ഡി) ഇപ്പോൾ പരിശോധന നടത്തുന്നത് നിയമ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗമാണ്. പരിശോധനയ്ക്കായി മാത്രം ഒരു സെൽ രൂപീകരിക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ഇ) ടി. എ. സീലിംഗ് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly